# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

## പി.എം.ജി.എസ്.വൈ പദ്ധതി

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1108 — 30-09-2016 ൽ മറുപടിക്ക്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീമതി. പി. അയിഷാ പോറ്റി** | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) കൊട്ടാരക്കര, വെട്ടിക്കവല ബ്ലോക്കുകളിൽ പി.എം.ജി. എസ്.വൈ പദ്ധതി പ്രകാരമുള്ള ഏതെല്ലാം പ്രവർത്തികൾ മുടങ്ങിക്കിടപ്പുണ്ട്; | (എ) പി.എം.ജി.എസ്.വൈ പ്രകാരം കൊല്ലം ജില്ലയിലെ കൊട്ടാരക്കര, വെട്ടിക്കവല ബ്ലോക്കുകളിൽ മുടങ്ങിക്കിടക്കുന്ന പ്രവർത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| ക്രമ നം | ബ്ലോക്ക് | ഗ്രാമ പഞ്ചായത്ത് | പ്രവർത്തിയുടെ പേര് | നീളം | തുക ലക്ഷം |
|---|---|---|---|---|---|
| 1 | വെട്ടിക്കവല | മൈലം | പുലമൺ-പ്ലാവറക്കോട് ഭാഗം റോഡ് | 0.79 Km | 71.34 |
| 2 | വെട്ടിക്കവല | വെട്ടിക്കവല | സദാനന്ദപുരം-മാവിള-കൊച്ചാലുംമൂട് റോഡ് | 4.617 Km | 283.5 |
| 3 | കൊട്ടാരക്കര | വെളിയം | നാൽക്കവല-മീയണ്ണൂർ-കോളമത്ത്-മുളളമ്പാറ- കടവട്ടൂർ റോഡ് | 1.885 Km | 74.40. |
| 4 | കൊട്ടാരക്കര | എഴുകോൺ | ഇരുമ്പനങ്ങാട്-ഇണ്ടിൽ കോളനി റോഡ് | 1.436 Km | 110.659. |
| 5 | കൊട്ടാരക്കര | പൂയപ്പള്ളി | ഓട്ടുമല-ഓട്ടുമല കോളനി റോഡ് | 0.888 Km | 59.53 |

| ചോദ്യം | ഉത്തരം |
|---|---|
| (ബി) പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ; ആയതിൽ ഏതെങ്കിലും പദ്ധതികൾ പൂർത്തീകരിക്കാൻ കഴിയില്ലെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ; | (ബി) പ്രസ്തുത പദ്ധതി പ്രകാരം പൂർത്തീകരിക്കാൻ കഴിയാത്ത പ്രവൃത്തികളെ സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു. |

| ക്രമ നം | ബ്ലോക്ക് | ഗ്രാമ പഞ്ചായത്ത് | പ്രവർത്തിയുടെ പേര് | നീളം (Km) | തുക ലക്ഷം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|---|
| 1 | വെട്ടിക്കവല | മൈലം | പുലമൺ-പ്ലാവറക്കോട് ഭാഗം റോഡ് | 0.79 | 71.34 | റോഡിന്റെ അവസാന ഭാഗത്ത് സ്ഥലം വിട്ടുകിട്ടുന്നതിനായി മൈലം പഞ്ചായത്തുമായി നിരവധി തവണ ബന്ധപ്പെട്ടിട്ടും നാളിതുവരെയായി പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. അധികമായി വരുന്ന സംരക്ഷണ ഭിത്തിയ്ക്ക് എം.ജി.എൻ.ആർ.ഇ.ജി.എസ്. പദ്ധതി വഴി പണം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു എന്ന് അറിയിച്ചിരുന്നുവെങ്കിലും അതിന്മേലുള്ള അറിയിപ്പുകളൊന്നും നാളിതുവരെ ലഭിച്ചിട്ടില്ല. ടി പ്രവർത്തി പി.എം.ജി.എസ്.വൈ പദ്ധതിയിൽ നിന്നും ഡ്രോപ്പ് ചെയ്യാൻ നാഷണൽ റൂറൽ റോഡ് ഡവലപ്മെന്റ് ഏജൻസി നിർദ്ദേശിച്ചിട്ടുണ്ട്. |

| | | | | | | |
|---|---|---|---|---|---|---|
| 2 | വെട്ടിക്കവല | വെട്ടിക്കവല | സദാനന്ദപുരം-മാവിള-കൊച്ചാല്യംമൂട് റോഡ് | 4.617 Km | 283.5 | അഞ്ചര മീറ്റർ വീതിയിൽ ടാർ ചെയ്യണമെന്നാവശ്യപ്പെട്ട് നാട്ടുകാർ ഹർജി നൽകുകയുണ്ടായി. പി.എം.ജി.എസ്.വൈ മാനദണ്ഡപ്രകാരം അഞ്ചര മീറ്റർ വീതിയിൽ ടാർ ചെയ്യാൻ സാധിക്കാത്തതിനാൽ ടി പ്രവർത്തി പി.എം.ജി.എസ്.വൈ പദ്ധതിയിൽ നിന്നും ഡ്രോപ്പ് ചെയ്യാൻ നാഷണൽ റൂറൽ റോഡ് ഡവലപ്മെന്റ് ഏജൻസി നിർദ്ദേശിച്ചിട്ടുണ്ട്. |
| 3 | കൊട്ടാരക്കര | വെളിയം | നാൽക്കവല-മീയണ്ണൂർ-കോളമത്ത്-മുളമ്പാറ-കടവട്ടൂർ റോഡ് | 1.885 Km | 74.40. | കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ റീ ടെണ്ടർ ചെയ്തു. ടെണ്ടർ എക്സസിന് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. നാല് വർഷത്തിൽ കൂടുതലായി മുടങ്ങിക്കിടക്കുന്ന/ പൂർത്തീകരിക്കാത്ത പ്രവർത്തികൾ 31-03-2016-ന് മുമ്പ് പൂർത്തീകരിക്കാത്ത പക്ഷം ടി പദ്ധതികളുടെ മുഴുവൻ തുകയും അതാത് സ്റ്റേറ്റ് ഗവൺമെന്റുകൾ വഹിക്കണമെന്ന് MORD നിർദ്ദേശിച്ചിട്ടുണ്ട്. |
| 4 | കൊട്ടാരക്കര | എഴുകോൺ | ഇരുമ്പനങ്ങാട്-തുണ്ടിൽ കോളനി റോഡ് | 1.436 Km | 110.659. | |
| 5 | കൊട്ടാരക്കര | പൂയപ്പള്ളി | ഓട്ടുമല-ഓട്ടുമല കോളനി റോഡ് | 0.888 Km | 59.53 | എം.എൽ.എ ഫണ്ടിൽ ടി റോഡിന്റെ നിർമ്മാണ പ്രവർത്തികൾ ഏറ്റെടുത്തിട്ടുള്ളതിനാൽ ടി പ്രവർത്തി പി.എം.ജി.എസ്.വൈ പദ്ധതിയിൽ നിന്നും ഡ്രോപ്പ് ചെയ്യാൻ നിർദ്ദേശിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പുതിയ പ്രവർത്തികൾ ടെൻഡർ ചെയ്തിട്ടുണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ നൽകുമോ? | (സി) | നിലവിൽ പുതിയ പ്രവൃത്തികളൊന്നും ടെണ്ടർ ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ